**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3178</u>** **14-03-2018-ൽ മറുപടിക്ക്**

# കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സം

**ചോദ്യം** **മറുപടി**

**ശ്രീ.ഹൈബി ഈഡൻ** **പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വ്യക്തമാക്കുമോ; | എ) | കൊച്ചി സ്മാർട്ട് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഫ്രെയിം വർക്ക് എഗ്രിമെന്റിൽ പറഞ്ഞിട്ടുള്ള പ്രകാരം ഐ.ടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. എന്നാൽ ടൗൺഷിപ്പ് നിർമ്മാണത്തെ റിയൽ എസ്റ്റേറ്റ് രംഗത്തുള്ള മാന്ദ്യം ബാധിച്ചിട്ടുണ്ട്. |
| (ബി) | ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം സർക്കാർ ചെയ്യുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള എല്ലാ സഹായവും ഉറപ്പ് വരുത്തുന്നതിനും പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | ബി) | ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം വാഗ്ദാനം ചെയ്തിട്ടുള്ള എല്ലാ സഹായവും ഉറപ്പുവരുത്തുന്നതിനും, പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കുന്നതിനും, പദ്ധതി പുരോഗതിയുടെ വേഗത ഉറപ്പുവരുത്തുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ നിയന്ത്രണത്തിൽ ഒരു നിരീക്ഷണ സംവിധാനം സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിയുടെ ശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും വിലയിരുത്തുവാനും വേണ്ടി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മറ്റിയുടെ യോഗത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരികയാണ്. |

| | | | |
|---|---|---|---|
| സി) | അനുവദിച്ച ഭൂമിയുടെ അളവും കൈവശാവകാശം ലഭിച്ച ഭൂമിയുടെ വിസ്തൃതിയും തമ്മിൽ വ്യത്യാസം ഉണ്ടെന്ന് സ്മാർട്ട് സിറ്റി അധികൃതർ പരാതിപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) | ഉണ്ട്.<br>പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ റീ സർവ്വേ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും, ആയത് 2018 മെയ് മാസത്തോടുകൂടി പൂർത്തീകരിയ്ക്കപ്പെടുകയും ചെയ്യും. |
| ഡി) | കരാർ പ്രകാരം പദ്ധതി പൂർത്തീകരിക്കേണ്ടത് എന്നാണ്; പ്രസ്തുത സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് സർക്കാർ ഭാഗത്ത് നിന്നും അടിയന്തര നടപടി സ്വീകരിക്കുമോ? | ഡി) | കേരള സർക്കാരും, ടീക്കോം ദുബായിയും ഒപ്പ വച്ചിട്ടുള്ള ഫ്രെയിം വർക്ക് എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡവലപ്മെന്റ് പ്ലാൻ പ്രകാരമാണ് കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ നിർമ്മാണ പൂർത്തീകരണം തിട്ടപ്പെടുത്തിയിരിക്കുന്നത്. പദ്ധതി എഗ്രിമെന്റ് പ്രകാരമുള്ള ക്ലോസ്സിങ്ങ് തീയതി നിശ്ചയിച്ച ശേഷം 10 വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.<br>സ്മാർട്ട് സിറ്റി പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിലയിരുത്തുന്നതിനും വേണ്ടി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**